പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1585

04-12-2018-ൽ മറുപടിക്ക്

**കൊയിലാണ്ടി മണ്ഡലത്തിലെ കോൾനിലത്തിൽ നെൽകൃഷി**

**ചോദ്യം**

ശ്രീ. കെ.ദാസൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ കോൾനിലത്തിൽ നെൽകൃഷി നടത്തുന്നതിന് മുന്നോടിയായി ഏതെല്ലാം പ്രവൃത്തികളാണ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരുന്നത്; വിശദമാക്കാമോ; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയ്ക്ക് കീഴിൽ അകലാപ്പുഴ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എന്ന പ്രവൃത്തി നടപ്പാക്കി വരുന്നു. |
| (ബി) | നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്; പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്ക് 1.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കായി 1.21 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കോൺട്രാക്ടറുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (സി) | എത്ര സമയം കൊണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് പാടശേഖരം കൃഷിയോഗ്യമാക്കാമെന്നാണ് കരുതുന്നത്; ഇതിന്റെ ഭാഗമായി എത്ര ഹെക്ടർ സ്ഥലമാണ് കൃഷിയോഗ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ടി പ്രവൃത്തിയുടെ കാലാവധി 18 മാസമാണ്. എഗ്രിമെന്റ് പ്രകാരം 2019 ഏപ്രിലിൽ ടി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 2018 ഡിസംബർ മാസത്തോടെ പ്രവൃത്തി ആരംഭിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. പൂർണ്ണമായും വെള്ളക്കെട്ടുള്ള പ്രദേശമായതിനാലാണ് പ്രവൃത്തിക്ക് കൂടുതൽ സമയം വേണ്ടി വരുന്നത്. തിക്കോടി പഞ്ചായത്തിലെ അകലാപ്പുഴ പാടശേഖരത്തിലെ 108 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ